# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 829

02/12/2015-ൽ മറുപടിക്ക്

### ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>,, ഇ.ചന്ദ്രശേഖരൻ<br>,, വി.ശശി<br>,, ഇ.കെ.വിജയൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ)സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര വീതം ആയുർവ്വേദ മരുന്ന് നിർമ്മാണ ശാലകൾ പ്രവർത്തിക്കുന്നുണ്ട്; എത്രയിനം ആയുർവ്വേദ മരുന്നുകളുടെ ഉൽപാദനമാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് ആകെ 850 ആയുർവേദ ലൈസൻസുള്ള സ്ഥാപനങ്ങളുണ്ട്. പൊതുമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ 848 ഉം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കഷായം, ചൂർണ്ണം, ലേഹ്യം/ രസായനങ്ങൾ, തൈലം/ഘൃതം, അരിഷ്ടാസവങ്ങൾ, ഗുളികകൾ,ലേപം/ക്രീം/ഓയിന്റ്മെന്റ്/ബാം, അഞ്ജനം, അർക്കം, ക്യാപ്സ്യൂൾ, സിറപ്പ്, സോപ്പ്, ഷാംപൂ എന്നീ ഇനം ആയുർവേദ മരുന്നുകളുടെ ഉൽപാദനമാണ് നടക്കുന്നത്. |
| ബി) പ്രസ്തുത മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി) ഉണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സർക്കാർ സംവിധാനത്തിലും, സ്വകാര്യ മാനുഫാക്ചറിംഗ് യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും സ്വന്തമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷിന്റെ അംഗീകാരത്തോടു കൂടിയ 7 അപ്രൂവ്ഡ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. |

| | |
|---|---|
| സി)ആയുർവ്വേദത്തിന് ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗം രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ? | സി) ഉണ്ട്. പ്രത്യേക വകുപ്പാക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 44,296 ലക്ഷം രൂപ സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രാൾ വിഭാഗത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2015-16 വർഷത്തേയ്ക്ക് 43 ലക്ഷം രൂപയുടെ അനുമതിയ്ക്കായി പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**